<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252</u>** **<u>05-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിച്ചിട്ടുണ്ട് എന്ന് അവകാശപ്പെടുമ്പോഴും മിക്ക സ്ഥലങ്ങളിലും മരുന്ന് ക്ഷാമം രൂക്ഷമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | കെ.എം.എസ്.സി.എൽ വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം എൻ.എ.ബി.എൽ അക്രിറ്റേഷൻ ഉള്ള ലാബുകളിൽ നടത്തിയ പരിശോധനകളിൽ എത്ര ശതമാനം മരുന്നുകളാണ് ഗുണനിലവാരം ഇല്ലാത്തതായി കണ്ടത് എന്നതിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് ലഭ്യമാക്കുമോ? | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ എൻ.എ.ബി.എൽ അക്രഡിറ്റഡ് ലാബുകളിൽ നിന്നും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ മരുന്നുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>വിവിധ എൻ.എ.ബി.എൽ. എംപാനൽഡ് ലാബുകളിലെ ഗുണ നിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളുടെ സ്ഥിരീകരണ പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരത്തുള്ള ഗുണ നിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും ഇ പ്രകാരം നടത്തുന്ന പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ തുടരുപയോഗവും വിതരണവും (ഓൺലൈൻ സോഫ്റ്റ് വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു. പ്രസ്തുത പരിശോധനാഫലത്തെ അന്തിമ പരിശോധനാഫലമായി കണക്കാക്കി കോർപ്പറേഷൻ ദർഘാസ് വ്യവസ്ഥകൾക്ക് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | വർഷം | എൻ.എ.ബി.എൽ അക്രെഡിറ്റഡ് ലാബുകളിൽ ഗുണനിലവാരം ഇല്ലാത്തതായിട്ടുള്ളവയുടെ കണക്ക് ശതമാനത്തിൽ |
|---|---|---|
| 1 | 2018-2019 | 0.08% |
| 2 | 2019-2020 | 1.25% |
| 3 | 2020-2021 | Nil |
| 4 | 2021-2022 | 0.49% |
| 5 | 2022-2023 | Nil |